# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -28 07.08.2017 ൽ മറുപടിയ്ക്ക്

## ഗുണ്ടാ-മാഫിയ സംഘങ്ങളെ അടിച്ചമർത്തുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സാധാരണക്കാരുടെ ജീവനും സ്വത്തിനും ഭീഷണിയായി ഗുണ്ടാ-മാഫിയാ സംഘങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും പ്രവർത്തിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സാധാരണക്കാരുടെ ജീവനും സ്വത്തിനും ഭീഷണിയായി ഗുണ്ടാ-മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഗുണ്ടാ ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സംഘങ്ങളെ അടിച്ചമർ-ത്തുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br><br>(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (ബി) & (സി) ഗുണ്ടാ-മാഫിയ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നില്ല, എങ്കിലും ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണം നടത്തുകയും CrPC. 107, KAAPA തുടങ്ങിയ വകുപ്പുകൾ പ്രകാരം തടങ്കലിൽ പാർപ്പിക്കുന്നതിനും സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇപ്രകാരം നിയമ നടപടിയ്ക്ക് വിധേയരായവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും അങ്ങനെയുള്ളവർക്കെതിരെ വേണ്ട മുൻകരുതൽ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.